## അദ്ധ്യായം 9

# എന്റെ നാമത്തിൽ

"എന്റെ നാമത്തിൽ" (അല്ലെങ്കിൽ നാമത്തിലേക്ക്) എന്ന മർമ്മ പ്രധാനമായ യോഗ്യത അഥവാ നിബന്ധനയാണ്, ഏതൊരു പ്രദേശത്തുള്ള ക്രിസ്തുവിന്റെ സഭയെക്കുറിച്ച് (ഒരു സ്ഥലം സഭ. വർത്തമാനയുഗത്തിലെ സകല വിശ്വാസികളും ഉൾപ്പെടുന്ന തന്റെ ശരീരമായ സഭയിൽ നിന്നും വേർതിരിച്ചു കാണിക്കുവാൻ ഞങ്ങൾ വീണ്ടും വീണ്ടും ഉപയോഗിക്കുന്ന പദപ്രയോഗം) മത്തായി 18:20ൽ കർത്താവ് തന്നെ നൽകിയ നിർവ്വചനത്തിലെ ഏറ്റവും പ്രധാനപ്പെട്ട വാക്യാംശമെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. വെറും പറച്ചിലിൽ മാത്രമല്ല അക്ഷരാർത്ഥത്തിൽ ഒരു സംഘം അവന്റെ നാമത്തിൽ കൂടിവരപ്പെടുന്നെങ്കിൽ മാത്രമെ കർത്താവ് തന്റെ സാന്നിദ്ധ്യം "അവരുടെ മദ്ധ്യത്തിൽ" ഉണ്ടെന്ന് വാഗ്ദത്തം ചെയ്യുന്നുള്ളൂ. ആകയാൽ ഈ യോഗ്യതയെ കൂടിവരവിന്റെ മാതൃകയായി അല്ലെങ്കിൽ പ്രധാന പ്രമാണമായി കണക്കാക്കണം. കർത്താവ് സ്വയം ഇത് അങ്ങനെയെന്ന് സ്ഥാപിച്ചിരിക്കുന്നു.

" നാമത്തിൽ" (ഗ്രീക്കിൽ 'എൻ') എന്ന സുപരിചിത ശൈലിയായിരുന്നു കർത്താവ് ഉപയോഗിച്ചത് എങ്കിൽ ഒരു സംഘത്തിന് തങ്ങളുടെ മദ്ധ്യെ കർത്താവിന്റെ സാന്നിദ്ധ്യം പ്രതീക്ഷിക്കേണ്ടതിന്, അവർ തന്റെ അധികാരത്തോടുകൂടി, തന്റെ കൽപ്പനപ്രകാരം, വെളിപ്പെടുത്തപ്പെട്ട തന്റെ ഇഷ്ടപ്രകാരം കൂടിവന്നാൽ മതി എന്നു നമുക്ക് മനസ്സിലാക്കുവാൻ കഴിയുമായിരുന്നു. അപ്രകാരമൊരു പദശൈലി പ്രയോഗിച്ചിരിക്കുന്ന 1 കൊരി. 5–ന്റെ 4, സ്ഥലം സഭയോടുള്ള ബന്ധത്തിൽ ഇത് വാസ്തവമായും ശരിയാണെന്ന് സൂചിപ്പിക്കുന്നു. എന്തായാലും ഇവിടെ കർത്താവ് വ്യത്യസ്തമായൊരു പദശൈലിയാണ് പ്രയോഗിച്ചിരിക്കുന്നത്. ഒരു സ്ഥിതിയെ കാണിക്കുന്ന 'എൻ' എന്ന വിഭക്ത്യുപസർഗ്ഗമല്ല പകരം സാധാരണമായി ഒരു ലക്ഷ്യത്തിലേക്ക് നീങ്ങുക, അല്ലെങ്കിൽ ഒരു ലക്ഷ്യത്തിനുള്ളിൽ പ്രവേശിക്കുക എന്ന് സൂചിപ്പിക്കുന്ന 'എയിസ്' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ആദ്യത്തെ വാക്ക് ആത്യന്തിക സ്ഥിതിയെയും അവസാനത്തേത് ആ സ്ഥിതി കൈവരിക്കാനുപയോഗിച്ച ഉപാധിയേയും സൂചിപ്പിക്കുന്നു. 'എയിസ്' എന്ന വിഭക്ത്യുപസർഗ്ഗത്തോട് വിവിധ അർത്ഥഭേദങ്ങൾ കൂടിച്ചേർന്നിട്ടുണ്ട്. എങ്കിലും അവയെല്ലാം തന്നെ 'ലേക്ക്'/'നോട്' എന്ന പൊതുവായ അർത്ഥത്തോട് ബന്ധപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ അവയിൽ ഒന്നുപോലും പ്രത്യേക വേറിട്ട പ്രഭാവം ഉള്ളതല്ല. ആകയാൽ 'എന്റെ നാമത്തിൽ' എന്ന പദപ്രയോഗത്തിന് ഒന്നിനോടൊന്ന് ബന്ധപ്പെട്ടിരിക്കുന്ന വിവിധ ആശയങ്ങൾ നൽകുവാൻ കഴിയും. അവയെല്ലാം കൂടി ഈ പരമപ്രധാന പദപ്രയോഗത്തിന്റെ മൊത്ത പ്രഭാവം നൽകുന്നു.

'എയിസ്' എന്ന വാക്കിന്റെ സർവ്വസാധാരണമായ രണ്ടർത്ഥങ്ങളാണ് 'ലേക്ക്'/ 'നോട്', 'ൽ' എന്നിവ. ഈ രണ്ടാശയങ്ങൾക്കിടയിലെ വ്യത്യാസം 1 ദിനവൃത്താന്തം 12:8 ൽ വളരെ മനോഹരമായി ദൃഷ്ടാന്തീകരിച്ചിരിക്കുന്നു. "പരിചയും കുന്തവും എടുപ്പാൻ പ്രാപ്തിയുള്ള വീരന്മാരും യുദ്ധാഭ്യാസികളും ഗാദ്യരെ പിരിഞ്ഞു വന്നു മരുഭൂമിയിൽ ദുർഗ്ഗത്തിൽ ദാവീദിനോട് ചേർന്നു". ഞങ്ങൾ ഇവിടെ എബ്രായഭാഷയിൽ എഴുതപ്പെട്ട മൂലഗ്രന്ഥത്തിന്റെ ശരിയായ തർജ്ജമ ഇതാണോ എന്നതിനെ രുചിച്ചല്ല ചിന്തിക്കുന്നത് പകരം 'ൽ'/'നോട്' എന്നീ വിഭക്ത്യുപസർഗ്ഗങ്ങളുടെ അർത്ഥ വ്യത്യാസങ്ങളെ മനസ്സിലാക്കുവാൻ ഉപകരിക്കുന്ന ഒരു ഉദാഹരണമായി മാത്രമാണ് ഈ ഭാഗം ഉദ്ധരിച്ചിരിക്കുന്നത്.

"ദാവീദിനോട്" എന്ന പ്രയോഗം ഈ വീരന്മാരെ ആകർഷിച്ച് ഒരുമിച്ച് കൂട്ടിക്കൊണ്ടുവന്ന അവരുടെ വലിയ ലക്ഷ്യത്തെക്കുറിച്ച് സംസാരിക്കുന്നു. അവരുടെ കൂടിവരവിന്റെ കേന്ദ്രം ദാവീദ് ആയിരുന്നു. അവനോട് ആണ് അവർ കൂടി വന്നത്. ദുർഗ്ഗം (ഗുഹ) അല്ല അവരെ ആകർഷിച്ചത്. അത് ഒട്ടും ഇഷ്ടപ്പെടാവുന്ന ഒരു സ്ഥലമായിരുന്നില്ല. ത്യജിക്കപ്പെട്ട ദാവീദിനോടു കൂടെ എണ്ണപ്പെടാതെ ദൂരത്ത് അവർ സുരക്ഷിതരും ആയിരുന്നു. പക്ഷെ ദുർഗ്ഗത്തിലിരുന്ന വ്യക്തിയാൽ അവർ ആകർഷിക്കപ്പെട്ടു. എങ്കിലും ദാവീദ് ദുർഗ്ഗത്തിൽ ആയിരുന്നതിനാൽ, ദാവീദിനോട് ചേർന്നതുകൊണ്ട്, അവർ "ദുർഗ്ഗത്തിൽ" കൂട്ടിവരപ്പെട്ടു. ഈ രണ്ടാമത്തെ പദപ്രയോഗം കൂടിവരവിന്റെ പരിധിയെ സൂചിപ്പിക്കുന്നു. കൂട്ടിവരപ്പെട്ട സംഘം ദുർഗ്ഗത്തെ തങ്ങളുടെ നിവാസ സ്ഥാനമാക്കുവാൻ മനസ്സുള്ളവരാകയാൽ അതിൽ വസിക്കുന്നവരായിരുന്നു.

കർത്താവിന്റെ നാമത്തെ ഒരു ഗോപുരത്തോട് ഉപമിക്കുന്ന. സദൃശ്യവാക്യങ്ങൾ 18:10 താൽപര്യമുളവാക്കുന്ന മറ്റൊരു തിരുവചന ഭാഗമാണ്. "യഹോവയുടെ നാമം ബലമുള്ള ഗോപുരം; നീതിമാൻ അതിലേക്ക് ഓടിച്ചെന്ന് അഭയം പ്രാപിക്കുന്നു".

നമുക്ക് മനസ്സുകൊണ്ട്, നൂറ്റാണ്ടുകൾക്ക് മുമ്പ് ഇംഗ്ലണ്ടിൽ ഇന്നത്തേതിൽ നിന്നും വ്യത്യസ്തമായി കലുഷിത സാഹചര്യം നിലനിന്നിരുന്ന കാലഘട്ടത്തിലേക്കൊന്നു പോകാം. വിവിധ ജോലികൾക്കായി അടിയന്മാരെയും ആശ്രിതരെയും വെളിയിലയച്ചിട്ട് നാടുവാഴി തന്റെ കൊട്ടാരത്തിൽ ആയിരിക്കുന്നു. ചിലർ പാടത്ത് വിള നോക്കുന്നു, ചിലർ ആടുമാടുകളെ പരിപാലിക്കുന്നു. ചിലർ നദിയിൽ മീൻ പിടിക്കുന്നു, ചിലർ കാട്ടിൽ മൃഗങ്ങൾക്ക് ആഹാരം ശേഖരിക്കുന്നു, മറ്റുള്ളവർ തടിമുറിക്കുക, കരി കത്തിക്കുക, ഇരുമ്പ് ഉരുക്കുക മുതലായ തങ്ങളെ ഏൽപ്പിച്ചിരിക്കുന്ന പണികളിൽ വ്യപൃതരായിരിക്കുന്നു. പെട്ടെന്ന് കൊട്ടാരത്തിൽ നിന്ന് അപായമണി മുഴങ്ങുകയും ദൃശ്യമാകെ മാറുകയും ചെയ്യുന്നു. അവർ എല്ലാവരും ഒറ്റക്കെട്ടായി കൊട്ടാരത്തിലേക്ക് ധൃതിയിൽ പായുന്നു. കൊട്ടാരമാണ് അവരുടെ ലക്ഷ്യം, കാരണം അതിന്റെ കൂറ്റൻ ചുറ്റുമതിലുകൾക്കുള്ളിലെ അഭയമാണ് അവരുടെ ആകർഷണം. സൂചനാമണി മുഴക്കം നാലു മൂലയിൽനിന്നും ആളുകളെ കൊട്ടാരത്തിലേക്ക് കൂട്ടി വരുത്തുകയാണ്. അത് അവരുടെ കൂടിവരവിന്റെ കേന്ദ്രമാണ്. മണിമുഴക്കമാണ് ആളുകളെ അതിലേക്ക് കൂട്ടിവരുത്തുന്നത്. കൊട്ടാരത്തിലേക്ക് കൂട്ടിവരപ്പെട്ടതിൽ മാത്രം അവർ സംതൃപ്തരല്ല. കാരണം അതിനുള്ളിൽ എത്തുവോളം അവർ സുരക്ഷിതരല്ല. മടക്കുപാലം നിവർത്തുകയും കോട്ടയിലേക്ക് കൂട്ടപ്പെട്ടവർ അതിനുള്ളിൽ കൂട്ടപ്പെട്ടു. "നീതിമാൻ അതിലേക്ക് (അതിനുള്ളിലേക്ക്) ഓടിച്ചെന്ന് അഭയം പ്രാപിക്കുന്നു." അതിനുള്ളിൽ ആയിക്കഴിയുമ്പോൾ കോട്ട അവരുടെ കൂടിവരവിൻ പരിധിയായിത്തീരുന്നു. അവർ അതിനുള്ളിൽ ആകുന്നു. അതിന്റെ ബലമുള്ള മതിൽ അവർക്കു ചുറ്റും സുരക്ഷ തീർക്കുന്നു. അത് അവരുടെ കൂടിവരവിന്റെ ചുറ്റളവ് ആയി മാറി. ഇത് "കർത്താവിന്റെ നാമത്തിന്" ഒരു ദൃഷ്ടാന്തമായി, മത്തായി 18:20 മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നു. കൂടിവരവിന്റെ കേന്ദ്രമെന്ന നിലയിൽ നാം അവന്റെ നാമത്തിലേക്ക് കൂട്ടിവരപ്പെട്ടവരാണ്. കൂടിവരവിന്റെ ചുറ്റളവ് എന്ന നിലയിൽ നാം അവന്റെ നാമത്തിൽ (നാമത്തിനുള്ളിൽ) കൂട്ടിവരപ്പെട്ടവരാണ്.

വളരെ മനോഹരമായി സെഖര്യാവ് 2:5 ൽ പറഞ്ഞിരിക്കുന്നതുപോലെ സത്യത്തിന്റെ ഈ ദ്വിമുഖ വശം, വരുവാനിരിക്കുന്ന നന്മയുടെ നാളുകളിൽ, ഇസ്രായേൽ അനുഭവിക്കും. "എന്നാൽ ഞാൻ അതിനു ചുറ്റും തീ മതിലായിരിക്കും; ഞാൻ അതിന്റെ നടുവിൽ മഹത്വമായിരിക്കും എന്ന് യഹോവയുടെ അരുളപ്പാട്". പുനഃസ്ഥാപിക്കപ്പെടുന്ന

യിസ്രായേലിന്റെ കേന്ദ്രവും, ചുറ്റളവും യഹോവ ആയിരിക്കും.

കർത്താവിന്റെ നാമം എങ്ങനെയാണ് കൂടിവരവിന്റെ കേന്ദ്രമായിരിക്കുന്നത് എന്ന് പഴയ നിയമത്തിൽ താരതമ്യമെന്നവണ്ണം പറഞ്ഞിരിക്കുന്ന നാമത്തിന്റെ സ്ഥലത്തെക്കുറിച്ച് ചിന്തിച്ചാൽ മനസ്സിലാക്കുവാൻ കഴിയും. ഇസ്രായേലിലെ സകല ഗോത്രങ്ങളിൽ നിന്നും തന്റെ ജനം തനിക്കായ് ഒരു ഭവനം പണിയേണ്ടതിന് ദൈവം ഒരു സ്ഥലം തിരഞ്ഞെടുത്തു. ആദ്യം ഇത് സമാഗമന കൂടാരമായിരുന്നു. പിന്നീട് ഒരു മന്ദിരം പണിയപ്പെട്ടു. ദൈവം തന്റെ നാമം സ്ഥാപിച്ച ഈ സ്ഥലം ഇസ്രായേലിന്റെ കൂടിവരവ് കേന്ദ്രമായിരുന്നു. വർഷത്തിൽ മൂന്നു പ്രാവശ്യം സകല പുരുഷന്മാരും യഹോവയുടെ ഉത്സവം ആചരിക്കേണ്ടതിനും, തങ്ങളുടെ സകലയാഗങ്ങളും, സകല ദശാംശവും അർപ്പിക്കേണ്ടതിനും, അവിടെ കൂടി വരണമായിരുന്നു. മറ്റെല്ലാ സ്ഥലങ്ങളും മറ്റെല്ലാ നാമങ്ങളും പരിപൂർണ്ണമായി ഇല്ലായ്മ ചെയ്യണമായിരുന്നു. "ഇന്ന് ഇവിടെ ഓരോരുത്തൻ താന്താനു ബോധിച്ച പ്രകാരം ഒക്കെയും ചെയ്യുന്നതുപോലെ നിങ്ങൾ ചെയ്യരുത്". പക്ഷെ ഒരിക്കൽ ദേശം പിടിച്ചടക്കിയശേഷം "നിങ്ങളുടെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിക്കേണ്ടതിന് നിങ്ങളുടെ സകല ഗോത്രങ്ങളിലും വെച്ച് തിരഞ്ഞുടുക്കുന്ന സ്ഥലത്തു നിങ്ങൾ തിരുനിവാസ ദർശനത്തിനായി ചെല്ലേണം" എന്നായിരുന്നു കൽപ്പന. (ആവർത്തനം 12 വായിച്ചാലും).

ആകയാൽ പിന്മാറ്റത്തിലായിരിക്കുന്ന ഇസ്രായേൽ മക്കൾ ദൈവത്തിങ്കലേക്ക് പുനസ്ഥാപിക്കപ്പെടുമ്പോൾ "ആ കാലത്ത് യരുശലേമിന് യഹോവയുടെ സിംഹാസനം എന്നു പേരാകും; സകല ജാതികളും അവിടേക്കു, യരുശലേമിലേക്കു തന്നേ, യഹോവയുടെ നാമം നിമിത്തം വന്നു ചേരും; തങ്ങളുടെ ദുഷ്ടഹൃദയത്തിന്റെ ശാഠ്യപ്രകാരം ഇനി നടക്കുകയില്ല. (യിരമ്യ. 3:17). അന്യജാതികൾ ദൂരത്തുനിന്നു നിന്റെ മക്കളെ അവരുടെ പൊന്നും വെള്ളിയുമായി നിന്റെ ദൈവമായ യഹോവയുടെ നാമത്തിനു (ലേക്കും)........... കൊണ്ടുവരേണ്ടതിന് കാത്തിരിക്കും" (യശയ്യ. 60:9).

ദൈവിക കേന്ദ്രത്തെ കൂടാതെ ഇസ്രായേലിൽ മറ്റു കൂടിവരവ് കേന്ദ്രങ്ങൾ കൂടി സ്ഥാപിച്ചു എന്നതായിരുന്നു "ഇസ്രായേലിനെക്കൊണ്ട് പാപം ചെയ്യിച്ച നെബാത്തിന്റെ മകനായ യരോബയാമിന്റെ" മാരകവും അക്ഷമ്യവുമായ പാപം. നാം മുമ്പ് കണ്ടതുപോലെ ഇന്ന് ദൈവഭവനം ഒരു സ്ഥലം അല്ല പകരം ഒരു ജനസംഘമാണ്. കർത്താവിന്റെ നാമത്തിലേക്ക് കൂട്ടിവരപ്പെടുക എന്നാൽ ദൈവം തന്റെ നാമത്താൽ അടയാളപ്പെടുത്തി തന്റെ പരമാധികാരത്തിൽ തിരഞ്ഞെടുത്തതാണെന്ന് സൂചിപ്പിക്കുന്ന ഒരു പ്രത്യേക സ്ഥലത്ത് കൂട്ടിവരപ്പെടുക എന്നല്ല, പകരം തന്റെ വചനത്തിൽ നൽകപ്പെട്ടിരിക്കുന്ന, അതുകൊണ്ടു തന്നെ തന്റെ നാമത്തിന്റെ മുദ്ര വഹിക്കുന്ന, ഏക ദൈവിക മാതൃകയിലേക്ക് കൂട്ടിവരപ്പെടുക എന്നാണർത്ഥം. നമ്മുടെ ഇഷ്ടപ്രകാരം, നമ്മുടെ ഹൃദയവിചാരങ്ങളുടെയും, വികാരങ്ങളുടെയും അടിസ്ഥാനത്തിൽ കൂടുക എന്നത് പണ്ട് ഇസ്രായേല്യർ ഞങ്ങൾക്കു തോന്നിയ ഇടങ്ങളിൽ യാഗമർപ്പിക്കുവാൻ കൂടിവരുന്നത് ദൈവദൃഷ്ടിയിൽ വലിയ അപരാധമായിരുന്നതുപോലെ തന്നെ ആണ്. അന്ന് ദൈവം ഒരു സ്ഥലം തിരഞ്ഞെടുത്ത് വെളിപ്പെടുത്തിയെങ്കിൽ ഇന്ന് ദൈവം ഒരു മാതൃക തിരഞ്ഞെടുത്ത് വെളിപ്പെടുത്തിയിരി ക്കുന്നു. താന്താങ്ങളുടെ സംഘടനാക്രമപ്രകാരം, താന്താങ്ങളുടെ വ്യത്യസ്ത നാമങ്ങളും വഹിച്ചുകൊണ്ടുള്ള ക്രിസ്തീയ ഗോളത്തിലെ ഗ്രൂപ്പുകളുടെ ബാഹുല്യം, ഇസ്രായേല്യരുടെ നാളുകളിൽ ഒരു നൂറു മന്ദിരങ്ങളും നൂറു വ്യത്യസ്ത നാമങ്ങളും എപ്രകാരം ദൈവത്തിന് ഇടർച്ചയും അപരാധവുമായിരിക്കുമായിരുന്നോ, അപ്രകാരമാണ്. ഇന്ന് കർത്താവ് തന്റെ വചനത്തിൽ

വളരെ വ്യക്തമായൊരു കൂടിവരവിൽ മാതൃക നമുക്ക് നൽകിയിരിക്കുന്നു. സകല മാനുഷിക സംഘടനകളും, ക്രിസ്തീയ ഗോളത്തിലെ ഗ്രൂപ്പ് നാമങ്ങളും ഒഴിവാക്കി, കർത്താവ് തിരഞ്ഞെടുത്ത് തന്റെ നാമത്താൽ അടയാളപ്പെടുത്തിയിരിക്കുന്ന ഏകവും സരളവും, വചനപ്രകാരവുമുള്ള മാതൃക പ്രകാരം കൂടി വരുവാൻ സമ്മതിക്കുക എന്നാണ് തന്റെ നാമത്തിൽ കൂട്ടി വരപ്പെടുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇപ്രകാരമല്ലാത്ത മറ്റൊരു കൂട്ടത്തിനും തങ്ങളെത്തന്നെ ക്രിസ്തുവിന്റെ സഭ എന്ന് വിളിക്കുവാനോ, ന്യായമായി തങ്ങളുടെ മദ്ധ്യത്തിൽ തന്റെ സാന്നിദ്ധ്യം അവകാശപ്പെടുവാനോ കഴിയുകയില്ല.

ദൈവിക മാതൃക ജീവിക്കുന്ന കർത്താവായ യേശുക്രിസ്തുവിനെ ആകർഷണ ലക്ഷ്യവും കൂടിവരവിന്റെ കേന്ദ്രവും ആക്കുന്നു. തന്റെ നാമത്തിലേക്ക് കൂട്ടിവരപ്പെട്ട നമുക്ക് മുമ്പാകെയുള്ള കർമ്മപദമെന്നുള്ളത് വചനത്തിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന, ലോകത്താൽ ത്യജിക്കപ്പെട്ടവനും, ശാരീരികമായി ഇപ്പോൾ ഹാജരില്ലാത്തവനുമായിട്ടും, ആ അനുഗ്രഹിതനായ കർത്താവിന് തന്റെ സാന്നിദ്ധ്യം മദ്ധ്യത്തിൽ വെളിപ്പെടുത്തുവാൻ സ്വാതന്ത്ര്യം ലഭിക്കത്തക്ക നിലയിൽ തനിക്ക് കേന്ദ്രസ്ഥാനം നൽകുക എന്നതാണ്. നാം ഏതെങ്കിലും ഒര ഉപദേശത്തിലേക്കോ, ചട്ടത്തിലേക്കോ, സഭാ ഭരണ രൂപത്തിലേക്കോ (അവ വചനപരമായി എത്ര തന്നെ ശരിയായിരുന്നാലും) അല്ല പകരം വചനം വെളിപ്പെടുത്തിയിരിക്കുന്നവനിലേക്ക്, കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലേക്ക് ആണ് കൂട്ടിവരപ്പെട്ടിരിക്കുന്നത്.

കൂടിവരവിനോട് ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും തന്റെ നാമ പരിധിക്കുള്ളിൽ നിൽക്കുന്നത്, അതായത് തന്റെ സ്വഭാവത്തിനും വെളിപ്പെടുത്തപ്പെട്ട തന്റെ ഇഷ്ടത്തിനും അനുരൂപമായവ ആയിരിക്കണമെന്നാണ് നാം "അവന്റെ നാമത്തിൽ" (നാമത്തിനുള്ളിൽ) ആണ് കൂടിവരപ്പെട്ടിരിക്കുന്നത്, അഥവാ അവന്റെ നാമമാണ് കൂടിവരവിൻ പരിധി എന്ന പ്രയോഗംകൊണ്ട് ഉദ്ദേശിക്കുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, സ്വന്ത ഇഷ്ടപ്രകാരം സകലവും നിയന്ത്രിക്കേണ്ടതിന് ക്രിസ്തുവിന് കർത്താവെന്ന നിലയിൽ തനിക്കുള്ള സ്ഥാനം നൽകുക എന്നാണിത് പറയുന്നത്. അദുല്ലാമിന്റെ ഗുഹയിൽ ദാവീദിനോട് ചേർന്നതിന്റെ സ്വാഭാവിക ഫലം "അവൻ അവർക്ക് തലവനായിത്തീർന്നു" എന്നതാണ്. (1 ശമു. 22:2). യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്ത് കൂടിവരിക എന്നതിന്റെ പരിണിത ഫലം "ഞാൻ നിന്നോട് ആജ്ഞാപിക്കുന്നതൊക്കെയും നീ ചെയ്യണം" എന്നതാണ്. (ആവർ. 12:14). കൂടിവരവിന്റെ ദൈവിക കേന്ദ്രത്തിൽ നിന്നും വിട്ടുപോയ യരോബയാം "താൻ സ്വമേധയാ നിശ്ചയിച്ച" കാര്യങ്ങളെ അവതരിപ്പിച്ചുകൊണ്ട് ദൈവിക പരിധിയിൽ നിന്നും കൂടി വിട്ടുപോയി. (1 രാജാ. 12:26–33). നാം കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലേക്കാണ് കൂട്ടിവരപ്പെട്ടതെങ്കിൽ നാം അവന്റെ നാമത്തിനുള്ളിലേക്ക് കൂട്ടിവരപ്പെട്ടവരും ആയിരിക്കും. അവനാണ് കൂടിവരവിൻ കേന്ദ്രമെങ്കിൽ അവൻ തന്നെ അതിന്റെ പരിധിയുമായിരിക്കും. നാം അവന്റെ നാമത്തിന് വെളിയിലുള്ള യാതൊന്നും ആഗ്രഹിക്കുകയില്ല. ശുശ്രൂഷാ രീതികൾ എത്ര പഴക്കം ചെന്നതാണെങ്കിലും, മുൻനിശ്ചയിക്കപ്പെട്ട കൂടിവരവ് ക്രമങ്ങൾ, അവ എത്ര സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടതാണെങ്കിലും അവയെ, ജീവിച്ചിരിക്കുന്ന കർത്താവായ യേശുക്രിസ്തു യഥാർത്ഥത്തിൽ തന്റെ പരമാധികാര ഇഷ്ടപ്രകാരം തന്റെ ജനത്തിന്റെ മദ്ധ്യെ സകല കാര്യങ്ങളും പ്രാവർത്തികമായി ക്രമപ്പെടുത്തി കർത്തൃസ്ഥാനം കൈക്കൊള്ളുന്നതിന് പകരമായി നാം അനുവദിക്കുകയില്ല. ഇപ്രകാരം മാത്രമേ "കർത്താവിന്റെ സാക്ഷ്യ"ത്തിന്റെ ശത്രുവിൽ നിന്നും നാം അഭയം (സുരക്ഷ) പ്രാപിക്കുകയുള്ളൂ, കാരണം കർത്താവിന്റെ നാമം നമ്മുടെ ബലമുള്ള ഗോപുരമാകുന്നു.